# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ - ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഫെബ്രുവരി 13, ചൊവ്വ

**നമ്പർ 129**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം :**

സംസ്ഥാന സർക്കാരിന്റെ അവഗണന മൂലം സപ്ലൈകോ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയും സപ്ലൈകോ ഔട്ട് ലെറ്റുകളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യവും സാധാരണക്കാരായ ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംസ്ഥാനത്തെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ജോബ് മൈക്കിൾ പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ ഒഴിവാക്കുന്ന ഗൗരവതരമായ സാഹചര്യത്തിലേക്ക് ശ്രീ. എ. പി. അനിൽ കുമാർ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 314/2024(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ജോയി | വർക്കലയിൽ ജലഗതാഗത പാത കടന്നുപോകുന്ന ടണലുകളുടെ മോഡിഫിക്കേഷൻ | മുഖ്യമന്ത്രി |
| 2 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് ഗവ. പ്രസ്സിലെ സാങ്കേതിക ജീവനക്കാരുടെ അഭാവം | മുഖ്യമന്ത്രി |
| 3 | ശ്രീ. പ്രമോദ് നാരായൺ | റാന്നി വലിയപാലം അപ്രോച്ച് റോഡ് പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | അങ്കമാലി-കണ്ടന്നൂർ ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 5 | ശ്രീ. വാഴൂർ സോമൻ | വാഗമൺ ടൗൺ വികസനവും വാഗമൺ-ബോണാമി-ടൈഫോർഡ്-മേമല-പള്ളിക്കുന്ന്-പീരുമേട് റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കുന്നതിനും | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിനാവശ്യമായ സ്ഥലമെടുപ്പ് വേഗത്തിലാക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. വിൻസെന്റ് | വിഴിഞ്ഞം - മംഗലപുരം റിംഗ് റോഡിനായി സ്ഥലം ഏറ്റെടുത്തവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. അനൂപ് ജേക്കബ് | പാഴൂർ, കുളമ്പൂർ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) | തൃപ്പൂണിത്തുറ ചൂരക്കാട് വെടിക്കെട്ടപകടം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 10 | ശ്രീമതി ദലീമ | അരൂരിൽ തീരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. അബ്ദുൽ ഹമീദ് | കടക്കാട്ടുപാറ ആല്യങ്കടവിൽ ആർ.സി.ബി. നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീമതി ഉമ തോമസ് | കടമ്പ്രയാർ മാലിന്യമുക്തമാക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |

314/24 (1)

| | | | |
|---|---|---|---|
| 13 | ശ്രീ. സി. കെ. ഹരീന്ദ്രൻ | പാറശ്ശാലയിലെ കരിമ്പന സംരക്ഷണം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 14 | ശ്രീ. പി. കെ. ബഷീർ | പുതിയ വാഹനങ്ങളുടെ ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും ലഭ്യമാകുന്നതിലെ കാലതാമസം | ഗതാഗത വകുപ്പുമന്ത്രി |
| 15 | ഡോ. കെ. ടി. ജലീൽ | വിദേശരാജ്യങ്ങളിൽനിന്നും MBBS പൂർത്തിയാക്കിയ ഹൗസ് സർജന്മാർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 16 | ശ്രീ. ടി. ഐ. മധുസൂദനൻ | വെള്ളൂർ-പാടിയോട്ടുചാൽ റോഡും എട്ടിക്കുളം എച്ച് എസ് - പാലക്കോട് റോഡും കിഫ്ബി പദ്ധതിയിൽ നവീകരിക്കുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയഞ്ചും നാൽപ്പത്തിയാറും റിപ്പോർട്ടുകൾ സമർപ്പിച്ചു.

2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>സ്പീക്കറുടെ റൂളിംഗ്</u> :

2024-25 വർഷത്തെ ബജറ്റിനോടൊപ്പം നിയമപരമായി സഭയിൽ സമർപ്പിക്കേണ്ട KIIFB രേഖകൾ സമർപ്പിക്കാത്തത് സംബന്ധിച്ചും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ചും 2024 ഫെബ്രുവരി 13 - ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"2016 - ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3(8) പ്രകാരം സഭയിൽ സമർപ്പിക്കേണ്ട കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും (ഫിഡലിറ്റി സർട്ടിഫിക്കറ്റ്) ഫെബ്രുവരി 5 - ാം തീയതി സഭയിൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിനോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണെന്നതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച ഒരു ക്രമപ്രശ്നം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറയേണ്ട നക്ഷത്രചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ഇത് സഭയോട് കാണിക്കുന്ന അനാദരവാണെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മറ്റൊരു ക്രമപ്രശ്നത്തിലൂടെ ഇവിടെ ആവശ്യപ്പെട്ടത്.

ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട രണ്ട് ക്രമപ്രശ്നങ്ങളിലും അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വളരെ വിശദമായിത്തന്നെ ചെയർ പരിശോധിക്കുകയുണ്ടായി.

കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫിഡലിറ്റി സർട്ടിഫിക്കറ്റും ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കണമെന്നാണ് The Kerala Infrastructure Investment Fund Act-ലെ സെക്ഷൻ 3(8) - ൽ നിഷ്കർഷിക്കുന്നത്.

സഭാനടപടിച്ചട്ടം 166 ബി (3) പ്രകാരം കിഫ്ബിയുടെ 2022-23 - ലെ വാർഷിക റിപ്പോർട്ട് 2023 ഡിസംബർ 31-ന് മുമ്പായി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. അതിനു ശേഷമാണ് സഭയിൽ വയ്ക്കുന്നതെങ്കിൽ കാലതാമസം ഉണ്ടായതിനെ സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമായിരിക്കേണ്ടതാണ്.

കിഫ്ബിയെ സംബന്ധിക്കുന്നതും വ്യത്യസ്ത നിയമവ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത സന്ദർഭങ്ങളിലും വ്യത്യസ്ത രീതിയിലും സഭയിൽ സമർപ്പിക്കേണ്ട രണ്ടു രേഖകൾ ഒരുമിച്ച് പ്രിന്റ് ചെയ്താണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. ഇക്കാര്യം നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ധനകാര്യ വകുപ്പിന് മുൻകൂട്ടി അറിയിപ്പു നൽകിയിരുന്നെങ്കിലും ഈ അപാകത പരിഹരിക്കുവാൻ യഥാസമയം നടപടി സ്വീകരിക്കുകയുണ്ടായില്ല. തന്മൂലമാണ് മേൽപ്പറഞ്ഞ രണ്ട് രേഖകളും സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ഇനി മേലിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കി കാലതാമസം കൂടാതെതന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

അതുപോലെ ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടിയിരുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് നടപ്പു സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച വിഷയത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 15-ാം കേരള നിയമസഭയുടെ കഴിഞ്ഞ ഒന്നുമുതൽ 9 വരെയുള്ള സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട ആകെ 3199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 2943 ചോദ്യങ്ങൾക്ക് ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇനിയും 256 മറുപടികൾ അവശേഷിക്കുന്നതായി കാണുന്നു. അതുപോലെ സഭയുടെ നടപ്പു സമ്മേളനത്തിൽ ആകെയുള്ള 199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ ഒന്നിനുപോലും മറുപടി ലഭ്യമാക്കിയിട്ടില്ല എന്നും കാണുന്നു. ചോദ്യങ്ങൾക്കുള്ള മറുപടികൾ നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറേണ്ട സമയത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ചട്ടം 47 പ്രകാരം ചോദ്യോത്തര ദിവസത്തിന്റെ തൊട്ടു തലേദിവസം 5 മണിക്കു മുമ്പായി അവ ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമാണ് ഉപചട്ടം (2)-ൽ പരാമർശിക്കുന്ന 15 ദിവസത്തെ കാലദൈർഘ്യത്തിന് അർഹത വരുന്നത്. ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ ഉപചട്ടം (2)-ന്റെ പിൻബലം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനോട് ചെയർ യോജിക്കുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനെതിരെ മുൻകാലങ്ങളിൽ ചെയറിൽനിന്നും നിരന്തരം റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതിന്റെയൊക്കെ ഫലമായി ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട 17 മന്ത്രിമാർ തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ മറുപടി നൽകി മാതൃക സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ സഭയുടെ നടപ്പുസമ്മേളനത്തിൽത്തന്നെ 12 ബഹുമാനപ്പെട്ട മന്ത്രിമാർ ഇതിനകം തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നല്ല മാതൃക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും സ്വീകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും എത്രയും പെട്ടെന്ന് മറുപടി നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു."

<u>ധനകാര്യം :</u>

1.2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. വാഴൂർ സോമൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. അനൂപ് ജേക്കബ്

ഡോ. സുജിത് വിജയൻപിള്ള

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. പി. സുമോദ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീമതി യു. പ്രതിഭ

ശ്രീ. എ.കെ.എം. അഷ്റഫ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. വി. അൻവർ

ചർച്ച പൂർത്തിയായില്ല.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

1) 2024 - ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024 - ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ സംസാരിച്ചു. 2024 - ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

2) 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു തുടർന്ന്, രണ്ട് പ്രമേയങ്ങളിന്മേലുമുള്ള ചർച്ച ഒരുമിച്ച് നടത്തി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ പി. ഉബൈദുള്ള സംസാരിച്ചു.

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച് സംസാരിച്ചു

പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച് സംസാരിച്ചു

2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച് സംസാരിച്ചു

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബില്ലുകൾ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബില്ലുകൾ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു

i) 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

അഞ്ചാം വകുപ്പ്

ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(3)-ൽ "ആക്ടിനും" എന്നതിന് പകരം "ആക്ടിലോ" എന്ന് ചേർക്കുക.

ആറാം വകുപ്പ്

i) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 സി (1)-ൽ "വീടുകൾക്കും" എന്നതിന് പകരം "വീടുകളുടെയും" എന്ന് ചേർക്കുക.

ii) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ദേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 326 സി (2)-ൽ "ഏതൊരു ആളിന്റെയുംമേൽ" എന്നതിന് പകരം "ഏതൊരാളിന്റെയും മേൽ" എന്നത് ചേർക്കുക.

ഏഴാം വകുപ്പ്

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 327 (4)ൽ "ഏതൊരു ആളുടെയും" എന്നതിനു പകരം "ഏതൊരാളുടെയും" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

i) ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 329(1)-ൽ "വലിയ" എന്നത് ഒഴിവാക്കുക.

ii) ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 329(1)-ൽ "ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം " ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

പത്താം വകുപ്പ്

ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 331(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 332 എ-ൽ "ചെയ്യുന്നുവെങ്കിൽ," എന്നതിന് പകരം "ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

i) ഖണ്ഡം 16 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ "പ്രവർത്തി" എന്നതിന് പകരം "പ്രവൃത്തി" എന്ന് ചേർക്കുക.

ii) ബില്ലിലെ 16- ാം ഖണ്ഡത്തിൽ 340 - ാം വകുപ്പ് (1) - ാം ഉപവകുപ്പിലെ "പ്രവർത്തികൾ" എന്നതിന് പകരം "പ്രവൃത്തികൾ" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

ഖണ്ഡം 18 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ "സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം "നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്നത് ചേർക്കുക.

ii) 2024-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ

ആറാം വകുപ്പ്

i) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ " വീടുകൾക്കും" എന്നതിന് പകരം " വീടുകളുടെയും" എന്ന് ചേർക്കുക

ii) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (2)-ൽ, "ഏതൊരു ആളിന്റെയും" എന്നതിന് പകരം "ഏതൊരാളിന്റെയും" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

i) ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "വലിയ" എന്നത് ഒഴിവാക്കുക.

ii) ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം "ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

പത്താം വകുപ്പ്

ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്എ-ൽ "ചെയ്യുന്നുവെങ്കിൽ" എന്നതിന് പകരം "ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

i) ഖണ്ഡം 14(2)-ൽ പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2)-ൽ "പ്രവർത്തി" എന്നതിന് പകരം "പ്രവൃത്തി" എന്ന് ചേർക്കുക.

ii) ബില്ലിലെ 14 - ാം ഖണ്ഡത്തിൽ 219 എൻ വകുപ്പിന്റെ (1) - ാം ഉപവകുപ്പിലെ "പ്രവർത്തികൾ" എന്നതിന് പകരം " പ്രവൃത്തികൾ" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(4)-ൽ "സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം " നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്ന് ചേർക്കുക.

2024 ഫെബ്രുവരി 14 - ാം തീയതി, ബുധനാഴ്ച രാവിലെ 09.00 - ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 07.19 - ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN - PART I

(Brief Record of Proceedings)

*Tuesday, February 13, 2024*

**No. 129**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Food and Civil Supplies the Speaker withheld consent to the moving of an adjournment motion given notice of by Shri. Shafi Parambil and five other Members regarding the serious concern reported to have arisen among the public as Supplyco is facing severe financial crisis and the scarcity of subsidized commodities in Supplyco outlets due to the negligence of state Government.

(As a mark of protest against the attitude of the Government the Members belong to opposition staged a walkout.)

*Calling Attention* :

1. Shri. Job Maichil called the attention of the Minister for General Education and Labour to the necessity to implement Students Savings Scheme in all Government and aided schools in the State. The Minister made a statement thereto.

2. Shri. A. P. Anil Kumar called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms & Parliamentary Affairs to the serious situation of excluding scheduled castes and scheduled tribes from the appointment in aided educational institution in the State. The Minister made a statement thereto.

KNPP. 314/2024(ii).

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ജോയി | വർക്കലയിൽ ജലഗതാഗത പാത കടന്നുപോകുന്ന ടണലുകളുടെ മോഡിഫിക്കേഷൻ | മുഖ്യമന്ത്രി |
| 2 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് ഗവ. പ്രസ്സിലെ സാങ്കേതിക ജീവനക്കാരുടെ അഭാവം | മുഖ്യമന്ത്രി |
| 3 | ശ്രീ. പ്രമോദ് നാരായൺ | റാന്നി വലിയപാലം അപ്രോച്ച് റോഡ് പൂർത്തീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 5 | ശ്രീ. വാഴൂർ സോമൻ | വാഗമൺ ടൗൺ വികസനവും വാഗമൺ-ബോണാമി-ടൈഫോർഡ്-മേമല-പള്ളിക്കുന്ന്-പീരുമേട് റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കുന്നതിനും | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിനാവശ്യമായ സ്ഥലമെടുപ്പ് വേഗത്തിലാക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. വിൻസെന്റ് | വിഴിഞ്ഞം - മംഗലപുരം റിംഗ് റോഡിനായി സ്ഥലം ഏറ്റെടുത്തവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. അനൂപ് ജേക്കബ് | പാഴൂർ, കളമ്പൂർ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | തൃപ്പൂണിത്തുറ ചൂരക്കാട് വെടിക്കെട്ടപകടം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി |
| 10 | ശ്രീമതി ദെലീമ | അരൂരിൽ തീരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീ. പി. അബ്ദുൽ ഹമീദ് | കടക്കാട്ടുപാറ ആലുങ്കടവിൽ ആർ.സി.ബി. നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീമതി ഉമ തോമസ് | കടമ്പ്രയാർ മാലിന്യമുക്തമാക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |

31/1/24 (ii)

| | | | |
|---|---|---|---|
| 13 | ശ്രീ. സി. കെ. ഹരീന്ദ്രൻ | പാറശ്ശാലയിലെ കരിമ്പന സംരക്ഷണം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 14 | ശ്രീ. പി. കെ. ബഷീർ | പുതിയ വാഹനങ്ങളുടെ ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും ലഭ്യമാകുന്നതിലെ കാലതാമസം | ഗതാഗത വകുപ്പുമന്ത്രി |
| 15 | ഡോ. കെ. ടി. ജലീൽ | വിദേശരാജ്യങ്ങളിൽ നിന്നും MBBS പൂർത്തിയാക്കിയ ഹൗസ് സർജന്മാർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 16 | ശ്രീ. ടി. ഐ. മധുസൂദനൻ | വെള്ളൂർ-പാടിയോട്ടുചാൽ റോഡും എട്ടിക്കുളം എച്ച് എസ് - പാലക്കോട് റോഡും കിഫ്ബി പദ്ധതിയിൽ നവീകരിക്കുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

i) The Forty Fifth and Forty Sixth Reports of the Committee on Local Fund Accounts were presented.

ii) The Ninth and Tenth Reports of the Committee on the Welfare of Non-Resident Keralites were presented.

*Ruling by the Speaker :*

The Speaker gave the following ruling to the point of order raised by Hon. Leader of Opposition regarding the non-submission of statutory documents of KIIFB along with the budget documents for the year 2024-25 and the non-furnishing of Assembly Questions in due time.

"2016 - ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3(8) പ്രകാരം സഭയിൽ സമർപ്പിക്കേണ്ട കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും (ഫിഡലിറ്റി സർട്ടിഫിക്കറ്റ്) ഫെബ്രുവരി 5 - ാം തീയതി സഭയിൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിനോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യവകുപ്പമന്ത്രി സഭയിൽ സമർപ്പിക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണെന്നതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച ഒരു ക്രമപ്രശ്നം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പമന്ത്രി മറുപടി പറയേണ്ട നക്ഷത്രചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ഇത് സഭയോട് കാണിക്കുന്ന അനാദരവാണെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മറ്റൊരു ക്രമപ്രശ്നത്തിലൂടെ ഇവിടെ ആവശ്യപ്പെട്ടത്.

ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട രണ്ട് ക്രമപ്രശ്നങ്ങളിലും അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വളരെ വിശദമായിത്തന്നെ ചെയർ പരിശോധിക്കുകയുണ്ടായി.

കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫിഡലിറ്റി സർട്ടിഫിക്കറ്റും ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കണമെന്നാണ് The Kerala Infrastructure Investment Fund Act-ലെ സെക്ഷൻ 3(8) - ൽ നിഷ്കർഷിക്കുന്നത്.

സഭാനടപടിച്ചട്ടം 166 ബി (3) പ്രകാരം കിഫ്ബിയുടെ 2022-23 - ലെ വാർഷിക റിപ്പോർട്ട് 2023 ഡിസംബർ 31-ന് മുമ്പായി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. അതിനു ശേഷമാണ് സഭയിൽ വയ്ക്കുന്നതെങ്കിൽ കാലതാമസം ഉണ്ടായതിനെ സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമായിരിക്കേണ്ടതാണ്.

കിഫ്ബിയെ സംബന്ധിക്കുന്നതും വ്യത്യസ്ത നിയമവ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത സന്ദർഭങ്ങളിലും വ്യത്യസ്ത രീതിയിലും സഭയിൽ സമർപ്പിക്കേണ്ട രണ്ടു രേഖകൾ ഒരുമിച്ച് പ്രിന്റ് ചെയ്താണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. ഇക്കാര്യം നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ധനകാര്യ വകുപ്പിന് മുൻകൂട്ടി അറിയിപ്പു നൽകിയിരുന്നെങ്കിലും ഈ അപാകത പരിഹരിക്കുവാൻ യഥാസമയം നടപടി സ്വീകരിക്കുകയുണ്ടായില്ല. തന്മൂലമാണ് മേൽപ്പറഞ്ഞ രണ്ട് രേഖകളും സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ഇനി മേലിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കി കാലതാമസം കൂടാതെതന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

അതുപോലെ ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടിയിരുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് നടപ്പു സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ മറുപടി ലഭ്യമാക്കാത്തതു സംബന്ധിച്ച വിഷയത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 15-ാം കേരള നിയമസഭയുടെ കഴിഞ്ഞ ഒന്നുമുതൽ 9 വരെയുള്ള സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട ആകെ 3199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 2943 ചോദ്യങ്ങൾക്ക് ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇനിയും 256 മറുപടികൾ അവശേഷിക്കുന്നതായി കാണുന്നു. അതുപോലെ സഭയുടെ നടപ്പു സമ്മേളനത്തിൽ ആകെയുള്ള 199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ ഒന്നിനുപോലും മറുപടി ലഭ്യമാക്കിയിട്ടില്ല എന്നും കാണുന്നു. ചോദ്യങ്ങൾക്കുള്ള മറുപടികൾ നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറേണ്ട സമയത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ചട്ടം 47 പ്രകാരം ചോദ്യോത്തര ദിവസത്തിന്റെ തൊട്ടു തലേദിവസം 5 മണിക്കു മുമ്പായി അവ ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമാണ് ഉപചട്ടം (2)-ൽ പരാമർശിക്കുന്ന 15 ദിവസത്തെ കാലദൈർഘ്യത്തിന് അർഹത വരുന്നത്. ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ ഉപചട്ടം (2)-ന്റെ പിൻബലം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനോട് ചെയർ യോജിക്കുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനെതിരെ മുൻകാലങ്ങളിൽ ചെയറിൽനിന്നും നിരന്തരം റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതിന്റെയൊക്കെ ഫലമായി ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട 17 മന്ത്രിമാർ തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ മറുപടി നൽകി മാതൃക സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ സഭയുടെ നടപ്പുസമ്മേളനത്തിൽത്തന്നെ 12 ബഹുമാനപ്പെട്ട മന്ത്രിമാർ ഇതിനകം തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നല്ല മാതൃക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും സ്വീകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും എത്രയും പെട്ടെന്ന് മറുപടി നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു.”

*Financial Business :*

The General discussion on the Budget for the financial year 2024-25 resumed. The following members took part in the discussion.

Shri. C. H. Kunhambu

Shri. Chandy Oommen

Shri. Vazhoor Soman

Shri. N. A. Nellikkunnu

Shri. Job Maichil

Shri. Anoop Jacob

Dr. Sujith Vijayanpillai

Shri. K. M. Sachindev

Shri. N. K. Akbar

Shri. Roji M. John

Shri. P. P. Sumod

Shri. C. K. Hareendran

Shri. Najeeb Kanthapuram

Shri. P. V. Sreenijin

Shri. G. S. Jayalal

Smt. U. Prathibha

Shri. A.K.M. Ashraf

Shri. Thiruvanchoor Radhakrishnan

Shri. P. V. Anvar

The discussion was inconclusive.

*Legislative Business* :

Motion for Consideration and further stages of the following Bills as reported by the Subject Committee :

*1) The Kerala State Goods and Service Tax (Amendment) Bill, 2024*

Shri. K. N. Balagopal, Minister for Finance moved the Motion that The Kerala State Goods and Service Tax (Amendment) Bill, 2024 as reported by the Subject Committee be taken up for consideration. Shri. Thiruvanchoor Radhakrishnan and Shri. N. Samsudheen who recorded their dissent to the Subject Committee Report spoke. Shri. V. K. Prasanth moved an amendment to circulate The Kerala State Goods and Service Tax (Amendment) Bill, 2024 for obtaining public opinion and spoke. Shri. N. A. Nellikkunnu moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was declared lost. Then the Bill as reported by the Subject Committee was taken into consideration and was passed without any amendments.

*2) The Kerala Municipality (Amendment) Bill, 2024 and The Kerala Panchayat Raj (Amendment) Bill, 2024*

Shri. M. B. Rajesh, Minister for Local Self Governments, Rural Development and Excise moved the Motion that The Kerala Municipality (Amendment) Bill, 2024 and The Kerala Panchayat Raj (Amendment) Bill, 2024 as reported by the Subject Committee be taken up for consideration. The discussion on motions were held together.

Shri. P. Ubaidulla who recorded his dissent to the Subject Committee Reports spoke.

Shri. E. T. Taison Master as authorised by Shri. P. S. Supal moved an amendment to circulate The Kerala Municipality (Amendment) Bill, 2024 for obtaining public opinion and spoke. Shri. Kunhammed Kutty Master as authorised by Shri. T. P. Ramakrishnan moved another amendment to recommit the Bill to the same Subject Committee and spoke.

Shri. Job Maichil moved an amendment to circulate The Kerala Panchayat Raj (Amendment) Bill, 2024 for obtaining public opinion and spoke. Shri. Thiruvanchoor Radhakrishnan as authorised by Shri. K. Babu (*Thripoonithura*) moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments were withdrawn by the leave of the House or declared lost. Then the Bills as reported by the Subject Committee were taken into consideration and passed by the House with the following amendments.

### i) The Kerala Municipality (Amendment) Bill, 2024

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(3)-ൽ "ആക്ടിനും" എന്നതിന് പകരം "ആക്ടിലോ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

i) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 സി (1)-ൽ "വീടുകൾക്കും" എന്നതിന് പകരം "വീടുകളുടെയും" എന്ന് ചേർക്കുക.

ii) ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 326 സി (2)-ൽ "ഏതൊരു ആളിന്റെയുംമേൽ" എന്നതിന് പകരം "ഏതൊരാളിന്റെയും മേൽ" എന്നത് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 327 (4)-ൽ "ഏതൊരു ആളുടെയും" എന്നതിനു പകരം "ഏതൊരാളുടെയും" എന്ന് ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

i) ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 329(1)-ൽ "വലിയ" എന്നത് ഒഴിവാക്കുക.

ii) ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 329(1)-ൽ "ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം " ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

പത്താം വകുപ്പ്

ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 331(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 332 എ-ൽ "ചെയ്യുന്നുവെങ്കിൽ," എന്നതിന് പകരം "ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

പതിനാറാം വകുപ്പ്

i) ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ "പ്രവർത്തി" എന്നതിന് പകരം "പ്രവൃത്തി" എന്ന് ചേർക്കുക.

ii) ബില്ലിലെ 16 - ാം ഖണ്ഡത്തിൽ 340 - ാം വകുപ്പ് (1) - ാം ഉപവകുപ്പിലെ "പ്രവർത്തികൾ" എന്നതിന് പകരം "പ്രവൃത്തികൾ" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ "സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം "നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്നത് ചേർക്കുക.

ii) The Kerala Panchayat Raj (Amendment) Bill, 2024

ആറാം വകുപ്പ്

i) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ "വീടുകൾക്കും" എന്നതിന് പകരം "വീടുകളുടെയും" എന്ന് ചേർക്കുക.

ii) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (2)-ൽ, "ഏതൊരു ആളിന്റെയും" എന്നതിന് പകരം "ഏതൊരാളിന്റെയും" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

i) ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "വലിയ" എന്നത് ഒഴിവാക്കുക.

ii) ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം "ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

പത്താം വകുപ്പ്

ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

ഖണ്ഡം 11 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്എ-ൽ "ചെയ്യുന്നുവെങ്കിൽ" എന്നതിന് പകരം "ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

i) ഖണ്ഡം 14(2) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2)-ൽ "പ്രവർത്തി" എന്നതിന് പകരം "പ്രവൃത്തി" എന്ന് ചേർക്കുക.

ii) ബില്ലിലെ 14 - ാം ഖണ്ഡത്തിൽ 219 എൻ വകുപ്പിന്റെ (1) - ാം ഉപവകുപ്പിലെ "പ്രവർത്തികൾ" എന്നതിന് പകരം "പ്രവൃത്തികൾ" എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

ഖണ്ഡം 17 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(4)-ൽ "സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം " നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്ന് ചേർക്കുക.

The House adjourned at 7.19 p.m. to meet again at 9.00 a.m. on Wednesday, February 14, 2024.

Shaji C. Baby,
*Secretary-in-Charge.*